I/46348/2024

**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 08-02-2024 തീയതിയിൽ നടന്ന ഓൺലൈൻ യോഗത്തിന്റെ തീരുമാനങ്ങൾ**

**സ്ഥലം :PMU ഓഫീസ് , തിരുവനന്തപുരം**

**പങ്കെടുത്തവർ :PMU, RPMU ഉദ്യോഗസ്ഥർ**

**സമയം3.00 : പി.എം.**

പ്ലാൻ പദ്ധതികൾ 2022-23, 2023-24, സുസ്ഥിരതാ പദ്ധതിയിലെ ബാക്ക് ലോഗ് സ്കീമുകൾ എന്നിവയുടെ RPMU തലത്തിലെ പ്രവർത്തന പുരോഗതി, മറ്റു വിഷയങ്ങൾ എന്നിവ എക്സിക്യൂട്ടീവ് ഡയറക്ടർ അവലോകനം ചെയ്തു.റീജിയണൽ പ്രൊജെക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ നിലവിലെ പുരോഗതി താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തു.ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

| ക്രമ നം. | ചർച്ച ചെയ്ത വിഷയങ്ങൾ | തീരുമാനങ്ങൾ |
|---|---|---|
| I. | 2022-23 പ്ലാൻ പദ്ധതികൾ | |
| 1 | **സുസ്ഥിരതാ പദ്ധതി**<br>ഏറ്റെടുത്തതിൽ ഇതുവരെ പൂർത്തീകരിച്ച സ്കീമുകൾ - 192<br><br>പൂർത്തീകരിക്കാനുള്ള സ്കീമുകൾ - 65<br><br>കണ്ണൂർ ആർ.പി.എം.യു. – 5 സ്കീമുകൾ<br>മലപ്പുറം ആർ.പി.എം.യു. – 24 സ്കീമുകൾ<br>ഇടുക്കി ആർ.പി.എം.യു. – 36 സ്കീമുകൾ | ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയാത്തത് എന്ന് RPD മാർ അറിയിച്ചു. പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ തെയ്യാറാക്കി proceedingsന്റെ പകർപ്പ്, നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പാർട്ട് ബിൽ പ്രകാരം ആവശ്യമായി വരുന്ന തുക എന്നിവ RPMU കൾ 17-2-23നുള്ളിൽ PMU വിൽ സമർപ്പിക്കണം. ഇതു സംബന്ധിച്ചുള്ള updation എല്ലാ ശനിയാഴ്ചകളിലും നടത്തണം |
| 2. | **മഴവെള്ള സംഭരണവും, ഭൂജല പരിപോഷണവും.**<br>ആകെ പൂർത്തീകരിച്ച യൂണിറ്റുകൾ- 724<br><br>കണ്ണൂർ, മലപ്പുറം ആർ.പി.എം.യു. കൾ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>ഇടുക്കി ആർ.പി.എം.യു വിൽ 63 യൂണിറ്റുകൾ പൂർത്തീകരിക്കുവാനുണ്ട്. | ഇടുക്കി RPMU വിലെ 63യൂണിറ്റുകൾ ഫണ്ടിന്റെ അഭാവം മൂലമാണ് ചെയ്യുവാൻ കഴിയാത്തത്. ഫണ്ട് ലഭ്യമായാൽ ആയതു പൂർത്തീകരിക്കുവാൻ കഴിയും. RPMU കൾ ഇതുവരെ പൂർത്തീകരിച്ച എണ്ണം യൂണിറ്റുകളുടെ ബില്ലുകൾ 17-2-24നുള്ളിൽ തെയ്യാറാക്കണം. |
| 3 | **ഗാർഹിക കിണറുകളെ സുസ്ഥിര സ്രോതസ്സുകളാക്കുന്ന പദ്ധതി**<br>ആകെ പൂർത്തീകരിച്ച യൂണിറ്റുകൾ - 340<br><br>പൂർത്തീകരിക്കാനുള്ള യൂണിറ്റുകൾ ആകെ – 191<br><br>കണ്ണൂർ ആർ.പി.എം.യു. – 21 സ്കീമുകൾ<br>മലപ്പുറം ആർ.പി.എം.യു. – 66 സ്കീമുകൾ<br>ഇടുക്കി ആർ.പി.എം.യു. – 104 സ്കീമുകൾ | ഇതുവരെ പൂർത്തീകരിച്ച 149 യൂണിറ്റുകളുടെ തുക നൽകിയിട്ടുള്ളതാണ്. 22-23ൽ ഈ പദ്ധതി വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ളത് ആയിരുന്നു. 23-24 വർഷം പൊതുകിണറുകൾക്ക് വേണ്ടിയാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ backlog ആയിട്ടുള്ള വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഉള്ള 191 യൂണിറ്റുകളുടെ നിർമ്മാണം ഫീൽഡിൽ ബുദ്ധിമുട്ട് സൃഷ്ടിക്കും എന്ന് RPMU കൾ അഭിപ്രായപ്പെട്ടതിനാൽ ടി എണ്ണം |

| | | |
|---|---|---|
| | | യൂണിറ്റുകളുടെ നിർമാണം ആലോചിച്ചു നിർവഹിച്ചാൽ മതിയെന്ന് തീരുമാനിച്ചു.സർക്കാരിൽ നിന്നും ഈ ഹെഡ്-ൽ ലഭിച്ചതിൽ ബാക്കിയുള്ള 6ലക്ഷം രൂപ മാർച്ച്10 നകം ചെലവഴിക്കാവുന്ന വിധം 23-24ലെ പ്രവൃത്തികൾ പൂർത്തീകരിക്കാമെന്ന MT കണ്ണൂർ അറിയിച്ചു. |
| 4 | **<u>ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഫിൽറ്റർ യൂണിറ്റുകളുടെ സ്ഥാപനം</u>**<br>ആകെ പൂർത്തീകരിച്ചത് 75<br><br>പൂർത്തീകരിക്കുവാനുള്ളത് – 13<br><br>കണ്ണൂർ ആർ.പി.എം.യു. – 2 സ്കീമുകൾ<br>മലപ്പുറം ആർ.പി.എം.യു. – 10 സ്കീമുകൾ<br>ഇടുക്കി ആർ.പി.എം.യു. – 1 സ്കീം | പൂർത്തീകരിച്ച യൂണിറ്റുകളുടെ ബില്ലുകൾ 17-2-24നുള്ളിൽ തെയ്യാറാക്കി സമർപ്പിക്കണം. ഈ ഇനത്തിലുള്ള ഫണ്ട് ലഭ്യമായാൽ ഉടനടി അത് ചെലവഴിക്കണം. |
| 5 | **<u>മലിന ജല സംസ്കരണം. (Grey water)</u>**<br><br>വയനാട് ജില്ലയിലെ 2 യൂണിറ്റുകളിൽ ഒന്ന് പൂർത്തീകരിച്ചു. (Institutional unit)<br>ഇടുക്കി ജില്ലയിൽ ഒരു യൂണിറ്റ് പൂർത്തീകരിച്ചിട്ടുണ്ട് (60HH units) | ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ച യൂണിറ്റുകളുടെ ബില്ലുകൾ റെഡി ആയിട്ടുള്ളതാണ്. ഫണ്ട് ലഭിച്ചാലുടൻ വയനാട് ജില്ലയിലെ 2 യൂണിറ്റുകളുടെയും ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ 2 ആഴ്ചക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയും. |
| 6 | <u>IEC & R&D</u> വിഭാഗത്തിൽ ഉൾപ്പെടുത്തി RPMU കൾക്ക് നൽകിയിട്ടുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച്.<br>**<u>കണ്ണൂർ ആർ.പി.എം.യു.</u>**<br>IEC - UC സമർപ്പിച്ചു.<br>R&D – UC സമർപ്പിച്ചു.<br><br>**<u>മലപ്പുറം ആർ.പി.എം.യു.</u>**<br>IEC - 4 പ്രോഗ്രാം പൂർത്തീകരിച്ചു.<br>R&D – 4 എണ്ണത്തിൽ 3 എണ്ണം പൂർത്തീകരിച്ചു.<br><br>**<u>ഇടുക്കി ആർ.പി.എം.യു.</u>**<br>IEC - ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിച്ചു. അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.<br>R&D – പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.<br>– | IEC & R&D - UC 20-02-2024 നുള്ളിൽ സമർപ്പിക്കണം.<br><br>IEC & R&D - UC 22-02-2024 നുള്ളിൽ സമർപ്പിക്കണം. |

II. **2023 – 24 ലെ പദ്ധതികളുടെ** നിലവിലുള്ള സ്റ്റാറ്റസ് ആർ.പി.എം.യു. റിപ്പോർട്ട് ചെയ്തത് താഴെ പറയും പ്രകാരമാണ്.

| No | Schemes | AS –TS gap | TS Tendered gap | Tender award gap | Agreement executed |
|---|---|---|---|---|---|
| 1 | സുസ്ഥിരതാ പദ്ധതി (378 nos) | 31 | 54 | 236 | 3 |
| | മഴവെള്ള സംഭരണവും, ഭൂജല | | | | |

| | | | | | |
|---|---|---|---|---|---|
| 2 | പരിപോഷണവും. (700 nos) | 0 | 0 | 600 | 0 |
| 3 | ഗാർഹിക കിണറുകളെ സുസ്ഥിര സ്രോതസ്സുകളാക്കുന്ന പദ്ധതി (383 nos) | 1 | 0 | 383 | 0 |

Ground Water Recharge ഇനത്തിൽ 19 പ്രവൃത്തികളിൽ 6 എണ്ണത്തിനാണ് TSകൊടുത്ത് ടെണ്ടർ ചെയ്തിട്ടുള്ളത്.

2023-24 ൽ എറ്റടത്തിട്ടുള്ള മുഴുവൻ പ്രവൃത്തികളുടെയും വർക്ക് അവാർഡ് ചെയ്ത് 29-02-24നുള്ളിൽ എഗ്രിമെന്റ് ഒപ്പിടണമെന്ന് ED നിർദ്ദേശിച്ചു.

III. മുൻ വർഷങ്ങളിലെ സുസ്ഥിരതാ പദ്ധതിയിലുൾപ്പെട്ട് പൂർത്തീകരിക്കാനുള്ള 18 പദ്ധതികൾ ഇടുക്കി(ഒരു സ്കീമിന്റെ 2 വർഷങ്ങളിലായി ഭരണാനുമതി ലഭിച്ച 2 പ്രവൃത്തികൾ) മലപ്പുറം RPMUകളിലാണ് (16 schemes). ഫണ്ട് ലഭ്യമായാൽ മാത്രമേ ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന് RPD മാർ അറിയിച്ചു. ടി സ്കീമുകളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ,tentative completion date എന്നിവ ജലനിധി വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്ത് നൽകുവാൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.

IV. KRWSA മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവഹണ പുരോഗതി എല്ലാ ദിവസവും വിലയിരുത്തുന്നത് ജലനിധി വെബ് സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുള്ള dataയുടെ അടിസ്ഥാനത്തിലാണ്. സർക്കാർ, മറ്റ് എജൻസികൾ എന്നിവർക്ക് നൽകേണ്ട റിപ്പോർട്ടുകൾ തെയ്യാറാക്കുന്നതും ഇതുപ്രകാരമാണ് . ആയതുകൊണ്ട് ശരിയായ data യഥാസമയം അപ്ലോഡ് ചെയ്യുന്നതിൽ RPDമാർ പ്രത്യേക ശ്രദ്ധ പുലർത്തുകയും ആയതു ഉറപ്പാക്കുകയും വേണം.

V. നവകേരള സദസ്സിൽ നിന്നും ലഭിച്ച പരാതികളിൽ ഇനിയും തീർപ്പാക്കുവാനുള്ളത് ആർ.പി.എം.യു. ഇടുക്കിയിൽ 3 എണ്ണവും, ആർ.പി.എം.യു. മലപ്പുറത്ത് 6 എണ്ണവുമാണ്. ഇതിന്റെ നിലവിലെ സ്ഥിതി ഓരോന്നായി വിശദമായി ചർച്ച ചെയ്യുകയും ആയത് ഉടനടി പരിഹരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആർ.പി.ഡി.മാർക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി.

VI. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതും ഭാഗികമായോ പൂർണ്ണമായോ പ്രവർത്തിക്കാതിരിക്കുന്നതുമായ ജലനിധി സ്കീമുകളുടെ വിവരങ്ങൾ അടിയന്തിരമായി ശേഖരിക്കണമെന്നും അത്തരത്തിലുള്ള സ്കീമുകളുടെയും പഞ്ചായത്തിന്റെയും line departmentsന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ല തല യോഗങ്ങൾ നടത്താമെന്നും ബഹു.നിയമസഭ subject commiteeയിൽ ജലവിഭവ വകുപ്പ് മന്ത്രി നിർദേശിച്ചിരുന്നു.അത് പ്രകാരം 3 RPMU വിലും ഓരോരുത്തരെ ടി കാര്യത്തിനായി ചുമതലപ്പെടുത്തിക്കൊണ്ട് Administration വിഭാഗം proceedings നൽകിയിരുന്നു. എന്നാൽ ഈ data മലപ്പുറം RPMUവിൽ നിന്നും പൂർണതോതിൽ ഇതുവരെ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള പുരോഗതി ഇല്ലായ്മയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ കടുത്ത അതൃപ്തി രേഖപ്പെടുത്തി. മേൽപ്പറഞ്ഞ വിവരം ലഭ്യമാക്കി വിശദീകരണം തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് RPD മലപ്പുറത്തിനു DO ലെറ്റർ നൽകുവാൻ DFAi/cയെഎക്സിക്യൂട്ടീവ് ഡയറക്ടർ ചുമതലപ്പെടുത്തി.

VII. 1999 ലെ ലോകായുക്ത ആക്ട് പ്രകാരം KRWSA യിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ ഒഴികെയുള്ള മറ്റ് എല്ലാ സ്റ്റാഫ് അംഗങ്ങളും അവരുടെ പ്രോപ്പർട്ടി റിട്ടേൺ നിശ്ചിത ഫോർമാറ്റിൽ 17-02-2024 നുള്ളിൽ സമർപ്പിക്കണം.

VIII. KRWSA യുട വിവിധ വിഭാഗങ്ങളിലെ ഫയൽ പെൻഡൻസി സംബന്ധിച്ച വിവരങ്ങൾ ഇതിനായി നൽകിയിട്ടുള്ള ഫോർമാറ്റിൽ എല്ലാ മാസവും 7-ാം തീയതിക്കുള്ളിലായി നൽകണം.

യോഗം 515. പി.എം. ന് അവസാനിച്ചു.

Signed by
Dr. Dinesan Cheruvat I A S
Date: 14-02-2024 16:42:54

**എക്സിക്യൂട്ടീവ് ഡയറക്ടർ**